www.prepp.in

Prepp
Your Personal Exams Guide

Language Code : **09**

# SAS-24-II

**प्रश्न-पत्र-II / PAPER-II**

**मलयालम भाषा परिशिष्ट**

**Malayalam Language Supplement**

**भाग-IV & V / PART-IV & V**

मुख्य परीक्षा पुस्तिका संख्या / Main Test Booklet No.

इस पुस्तिका में **20** मुद्रित पृष्ठ हैं।
This booklet contains **20** Printed pages.

**इस परीक्षा पुस्तिका को तब तक न खोलें जब तक कहा न जाए।**
**Do not open this Test Booklet until you are asked to do so.**
**इस परीक्षा पुस्तिका के पिछले आवरण (पृष्ठ 19 व 20) पर दिए निर्देशों को ध्यान से पढ़ें।**
**Read carefully the Instructions on the Back Cover (Page 19 & 20) of this Test Booklet.**

**मुख्य परीक्षा पुस्तिका कोड / Main Test Booklet Code**

# P

**मलयालम में निर्देशों के लिए इस पुस्तिका का पृष्ठ 2 देखें। / FOR INSTRUCTIONS IN MALAYALAM SEE PAGE 2 OF THIS BOOKLET.**

## परीक्षार्थियों के लिए निर्देश

1. यह पुस्तिका मुख्य परीक्षा पुस्तिका की एक परिशिष्ट है, उन परीक्षार्थियों के लिए जो **या** तो भाग IV (भाषा I) **या** भाग V (भाषा II) **मलयालम** भाषा में देना चाहते हैं, लेकिन **दोनों नहीं**।
2. परीक्षार्थी भाग I एवं भाग II **या** III के उत्तर मुख्य परीक्षा पुस्तिका से दें और भाग IV व V के उत्तर उनके द्वारा चुनी भाषाओं से।
3. अंग्रेज़ी व हिन्दी भाषा पर प्रश्न मुख्य परीक्षा पुस्तिका में भाग IV व भाग V के अन्तर्गत दिए गए हैं। भाषा परिशिष्टों को आप अलग से माँग सकते हैं।
4. इस पृष्ठ पर विवरण अंकित करने एवं उत्तर पत्र पर निशान लगाने के लिए **केवल काले/नीले बॉल पॉइंट पेन** का प्रयोग करें।
5. इस भाषा पुस्तिका का **संकेत** है **P**। यह सुनिश्चित कर लें कि इस भाषा परिशिष्ट पुस्तिका का संकेत, उत्तर पत्र के **पृष्ठ-2** एवं मुख्य परीक्षा पुस्तिका पर छपे संकेत से मिलता है। अगर यह भिन्न हो, तो परीक्षार्थी दूसरी भाषा परिशिष्ट परीक्षा पुस्तिका लेने के लिए निरीक्षक को तुरन्त अवगत कराएँ।
6. इस परीक्षा पुस्तिका में **दो** भाग IV और V हैं, जिनमें **60** वस्तुनिष्ठ प्रश्न हैं, जो प्रत्येक 1 अंक का है :
   भाग-IV : भाषा-I (मलयालम) (प्र. 91 से प्र. 120)
   भाग-V : भाषा-II (मलयालम) (प्र. 121 से प्र. 150)
7. भाग-IV में भाषा-I के लिए 30 प्रश्न और भाग-V में भाषा-II के लिए 30 प्रश्न दिए गए हैं। इस परीक्षा पुस्तिका में केवल मलयालम भाषा से संबंधित प्रश्न दिए गए हैं। **यदि भाषा-I और/या भाषा-II में आपके द्वारा चुनी गई भाषा(एँ) मलयालम के अलावा है तो कृपया उस भाषा वाली परीक्षा पुस्तिका माँग लीजिए। जिन भाषाओं के प्रश्नों के उत्तर आप दे रहे हैं वह आवेदन पत्र में चुनी गई भाषाओं से अवश्य मेल खानी चाहिए।**
8. **परीक्षार्थी भाग-V (भाषा-II) के लिए, भाषा सूची से ऐसी भाषा चुनें जो उनके द्वारा भाषा-I (भाग-IV) में चुनी गई भाषा से भिन्न हो।**
9. रफ कार्य परीक्षा पुस्तिका में इस प्रयोजन के लिए दी गई खाली जगह पर ही करें।
10. सभी उत्तर केवल OMR उत्तर पत्र पर ही अंकित करें। अपने उत्तर ध्यानपूर्वक अंकित करें। उत्तर बदलने हेतु श्वेत रंजक का प्रयोग निषिद्ध है।

## INSTRUCTIONS FOR CANDIDATES

1. This booklet is a supplement to the Main Test Booklet for those candidates who wish to answer **EITHER** Part IV (Language I) **OR** Part V (Language II) in **MALAYALAM** language, but **NOT BOTH**.
2. Candidates are required to answer Part I and Part II **OR** III from the Main Test Booklet and Parts IV and V from the languages chosen by them.
3. Questions on English and Hindi languages for Part IV and Part V have been given in the Main Test Booklet. Language Supplements can be asked for separately.
4. Use **Black/Blue Ball Point Pen only** for writing particulars on this page/marking responses in the Answer Sheet.
5. The CODE for this Language Booklet is **P**. Make sure that the CODE printed on **Side-2** of the Answer Sheet and on your Main Test Booklet is the same as that on this Language Supplement Test Booklet. In case of discrepancy, the candidate should immediately report the matter to the Invigilator for replacement of the Language Supplement Test Booklet.
6. This Test Booklet has **two** Parts, IV and V, consisting of **60** Objective Type Questions, each carrying 1 mark :
   Part-IV : Language-I (Malayalam) (Q. 91 to Q. 120)
   Part-V : Language-II (Malayalam) (Q. 121 to Q. 150)
7. Part-IV contains 30 questions for Language-I and Part-V contains 30 questions for Language-II. In this Test Booklet, only questions pertaining to Malayalam language have been given. **In case the language/s you have opted for as Language-I and/or Language-II is a Language other than Malayalam, please ask for a Test Booklet that contains questions on that language. The language being answered must tally with the languages opted for in your Application Form.**
8. **Candidates are required to attempt questions in Part-V (Language-II) in a language other than the one chosen as Language-I (in Part-IV) from the list of languages.**
9. Rough work should be done only in the space provided in the Test Booklet for the same.
10. The answers are to be recorded on the OMR Answer Sheet only. Mark your responses carefully. No whitener is allowed for changing answers.

परीक्षार्थी का नाम (बड़े अक्षरों में) : ____________________
Name of the Candidate (in Capitals) :

अनुक्रमांक : (अंकों में) / Roll Number : in figures ____________________
: शब्दों में / in words ____________________

परीक्षा केन्द्र (बड़े अक्षरों में) : ____________________
Centre of Examination (in Capitals) :

परीक्षार्थी के हस्ताक्षर : ____________________ निरीक्षक के हस्ताक्षर : ____________________
Candidate's Signature : Invigilator's Signature :

Facsimile Signature Stamp of
Centre Superintendent : ____________________

www.prepp.in

Your Personal Exams Guide

Language Code : **09**

ഈ പുസ്തികയിൽ 20 താളുകൾ ഉണ്ട്

# SAS-24-II

**പേപ്പർ-II**

**മലയാളഭാഷ അനുബന്ധം**

**ഭാഗം IV & V**

**പരീക്ഷാ ചെറുപുസ്തക സങ്കേതം**

**P**

**പറയുന്നതുവരെ ഈ പരീക്ഷാപുസ്തിക തുറക്കരുത്.**

**ഈ പുസ്തികയുടെ പുറംതാളിൽ (പേജ് 19 & 20) കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ വായിക്കുക.**

**പരിക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ :**

1. ഈ പുസ്തിക മുഖ്യപരീക്ഷാപുസ്തകത്തിന്റെ ഒരു അനുബന്ധമാണ് IV (ഭാഷ I) അല്ലെങ്കിൽ V (ഭാഷ II) ഭാഗം മാത്രം മലയാളത്തിൽ ഉത്തരമെഴുതാൻ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്കുവേണ്ടിയാണ്, രണ്ടുഭാഗങ്ങളും ഒരേഭാഷയിൽ എഴുതാനല്ല.
2. പരീക്ഷാർത്ഥികൾ I ഉം, II ഓ III ഓ ഭാഗവും മുഖ്യപരീക്ഷാപുസ്തകത്തിലും IV ഉം V ഉം ഭാഗങ്ങൾ തങ്ങൾ തിരഞ്ഞെടുത്ത ഭാഷയിലും ഉത്തരമെഴുതണം.
3. IV ഉം V ഉം ഭാഗങ്ങളിലെ ഇംഗ്ലിഷ്/ഹിന്ദീചോദ്യങ്ങൾ മുഖ്യപരീക്ഷാപുസ്തകത്തിലുണ്ട്. ഇതരഭാഷ അനുബന്ധങ്ങൾ ചോദിച്ചുവാങ്ങുക.
4. ഈ പേജിലെ വിവരങ്ങൾ എഴുതാനും/ഉത്തരം എഴുതാനും, **നീല ബോൾ പോയിന്റ് പേന മാത്രം** ഉപയോഗിക്കുക.
5. ഈ പുസ്തികയുടെ സങ്കേതം (കോഡ്) **P** ആണ്. നിങ്ങളുടെ ഉത്തരക്കടലാസ്സിന്റെ **വശം** 2-ലും നിങ്ങളുടെ മുഖ്യപരീക്ഷാപുസ്തകത്തിലും ഉള്ള സങ്കേതം (കോഡ്) ഈ ഭാഷ അനുബന്ധത്തിലുള്ള അതേ കോഡ് തന്നെ എന്ന് ഉറപ്പുവരുത്തുക.
6. IV, V എന്ന **രണ്ടു** ഭാഗങ്ങൾ ഈ പുസ്തികയിൽ ഉണ്ട്. 60 വസ്തുനിഷ്ഠമായ (ഓബ്ജക്റ്റിവ്) ചോദ്യങ്ങളും ഉണ്ട്. ഓരോ ചോദ്യത്തിനും **ഒരു (1)** മാർക്ക്.
   ഭാഗം **IV**- ഭാഷ-**I** (മലയാളം) *(ചോദ്യം 91 - 120)*
   ഭാഗം **V**- ഭാഷ-**II** (മലയാളം) *(ചോദ്യം 121 - 150)*
7. ഭാഗം **IV** ൽ (ഭാഷ I) **30** ചോദ്യങ്ങളും ഭാഗം V ൽ (ഭാഷ II) **30** ചോദ്യങ്ങളും ഉണ്ട്. ഈ പുസ്തികയിൽ മലയാള ഭാഷയിൽ മലയാളഭാഷയെ ആസ്പദമാക്കിയ ചോദ്യങ്ങളാണ് ഉള്ളത്. **നിങ്ങൾ മലയാളഭാഷയല്ലാതെ വേറെ ഭാഷ I/ഭാഷ II തിരഞ്ഞടുത്തതെങ്കിൽ, ആ ഭാഷയിലെ ചോദ്യങ്ങൾ ആവശ്യപ്പെടുക. അപേക്ഷാ ഫോമിലെന്തു ഭാഷയാണോ നിങ്ങൾ ഐച്ഛികമായി എടുത്തിരിക്കുന്നത് അതേ ഭാഷയിലെ തന്നെ ചോദ്യങ്ങൾക്കായിരിക്കണം നിങ്ങൾ ഉത്തരമെഴുതേണ്ടത്.**
8. **പരീക്ഷാർത്ഥികൾ ഭാഗം V (ഭാഷ II) ൽ ഉത്തരമെഴുതുന്ന ഭാഷ ഭാഗം IV (ഭാഷ I)ൽനിന്നു വ്യത്യസ്തമായ ഭാഷയായിരിക്കണം.**
9. റഫ് വർക്ക് ചെയ്യുന്നതിന് പരീക്ഷാപുസ്തികയിൽ അതിനായി തന്നിട്ടുള്ള സ്ഥാനത്തു മാത്രം ചെയ്യുക.
10. ഉത്തരങ്ങൾ OMR ഉത്തരപുസ്തികയിൽ മാത്രം രേഖപ്പെടുത്തുക. ഉത്തരം ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തുക. ശ്വേത രഞ്ജകം (Whitener) ഉപയോഗിക്കാൻ അനുവാദമില്ല.

പരീക്ഷാർത്ഥിയുടെ പേര് : ____________________

റോൾ നമ്പർ : (അക്കത്തിൽ) : ____________________

: (അക്ഷരത്തിൽ): ____________________

പരീക്ഷാകേന്ദ്രം (വലിയ അക്ഷരത്തിൽ): ____________________

പരീക്ഷാർത്ഥിയുടെ ഒപ്പ് : ____________________ ഇൻവിജിലേറ്ററുടെ ഒപ്പ് : ____________________

Facsimile signature stamp of

Centre Superintendent ____________________

**ഭാഷ - I മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം IV(ചോദ്യങ്ങൾ 91-120)** ഉത്തരമെഴുതുക.

Candidates should attempt the questions from **Part-IV (Q.No. 91-120)**, if they have opted **MALAYALAM** as **Language-I** only.

**PART-IV**
**LANGUAGE-I**
**MALAYALAM**

**ഭാഷ-I മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം-IV (ചോദ്യങ്ങൾ 91-120)** ഉത്തരമെഴുതുക.

**താഴെ കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (91-99) ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.**

പുരനിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ പാരമ്പര്യഘടകങ്ങളും ഉൾക്കൊള്ളുന്നതാണു വാസ്തുവിദ്യ. വിവിധ തരത്തിലുള്ള ആലയ നിർമ്മാണരീതികൾ, ആലയ നിർമ്മാണത്തിനുപയോഗിക്കുന്ന വസ്തുക്കൾ, ഉപകരണങ്ങൾ, അതുമായി ബന്ധപ്പെട്ട ശില്പവിദ്യകൾ, എന്നിവ വാസ്തുവിദ്യയിൽ വിവരിക്കുന്നു.

വാസ്തു എന്ന വാക്കിന്റെ അർത്ഥം ഭൂമി എന്നാണ്. വാസ്തുദേവന്റെ വാസസ്ഥലമായ വാസ്തുവിൽ അദ്ദേഹം ശയിക്കുന്നതായാണ് സങ്കല്പം. വാസ്തുദേവനെ പ്രീതിപ്പെടുത്തിക്കൊണ്ടുവേണം പുരകൾ നിർമ്മിക്കേണ്ടത്.

കേരളത്തിലെ കെട്ടിടങ്ങളിൽ ഏഴുവ്യത്യസ്ത ശൈലികൾ കാണുവാൻ കഴിയും. വേണാട്ടുശൈലി, ഓണാട്ടുകരശൈലി, വെമ്പൊലിനാട്ടുശൈലി, തൃപ്പൂണിത്തുറശൈലി, വള്ളുവനാടൻശൈലി, കോഴിക്കോടൻ ശൈലി, കോലോത്തുനാടുശൈലി എന്നിങ്ങനെയാണവ.

എരുത്തിലുകൾക്കു (തൊഴുത്ത്) കൊടുക്കുന്ന പ്രാധാന്യമാണ് ഓണാട്ടുകര ശൈലിയുടെ പ്രത്യേകത. പ്രത്യേക തരത്തിലെ ഇരട്ടമുഖപ്പുകൾ കൊല്ലത്തെയും കായംകുളത്തെയും ക്ഷേത്രങ്ങളിൽ കാണാം. മഴ നനയാതിരിക്കുവാനുള്ള മേല്ക്കൂരയോടുകൂടിയ കൽവിളക്കുകളും ഈ ഭാഗങ്ങളിലെ ക്ഷേത്രങ്ങളിൽ സർവ്വസാധാരണമാണ്.

ഓമ, പോതികം തുടങ്ങിയ അവയവങ്ങളോടു കൂടിയ തൂണുകളുടെ ശില്പഭംഗി കോലത്തുനാടൻശൈലിയുമാണ്.

'ഏകശാല', അഥവാ 'ഒറ്റപ്പുര' യാണ് കേരളത്തിൽ ഏറ്റവും കൂടുതൽ പ്രചാരമുള്ള വാസമാതൃക. തെക്കിനി, പടിഞ്ഞാറ്റിനി, വടക്കിനി, കിഴക്കിനി എന്നിങ്ങനെ മുൻഗണനാക്രമത്തിലാണ് ഒറ്റപ്പുരയായി വീടു പണിയേണ്ടത്. കിഴക്കിനി ബ്രാഹ്മണർക്കും തെക്കിനി ക്ഷത്രിയർക്കും വടക്കിനി വൈശ്യന്മാർക്കും പടിഞ്ഞാറ്റിനി ശൂദ്രന്മാർക്കും വസിക്കാനുള്ളതാണെന്നാണു പൊതുവിശ്വാസം. ഇവിടെ ഏറ്റവുമധികം പ്രചാരത്തിലുള്ള ഒറ്റപ്പുര പടിഞ്ഞാറ്റിനിയാണ്. വർണ്ണവ്യത്യാസമില്ലാതെ എല്ലാവരും ഇതു നിർമിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു.

വ്യാപകമായി കണ്ടുവരുന്ന വാസമാതൃക ഒറ്റപ്പുരയാണെങ്കിലും, രണ്ടു ദിക്ശാലകൾ ചേർന്ന ദ്വിശാല, മൂന്നു ദിക്ശാലകൾ ചേർന്ന ത്രിശാല, നാലു ദിക്ശാലകൾ ചേർന്ന ചതുശ്ശാല (നാലുകെട്ട്), ദിക്ശാലകളും കോൺശാലകളും ചേർന്നുവരുന്ന എട്ടുകെട്ട്, പതിനാറുകെട്ട് തുടങ്ങിയ വാസമാതൃകകളും നിലനില്ക്കുന്നുണ്ട്.

**91.** കേരളത്തിൽ ഏറ്റവും കൂടുതൽ പ്രചാരമുള്ള വാസമാതൃക ഏത് ?
(1) ത്രിശാല (2) എട്ടുകെട്ട് (3) നാലുകെട്ട് (4) ഒറ്റപ്പുര

**92.** 'വീട്' എന്ന പദത്തിന്റെ പര്യായമല്ലാത്ത പദമേതെന്നു കണ്ടെത്തുക ?
(1) എരുത്തിൽ (2) ഗൃഹം (3) ഭവനം (4) ആലയം

93. വാസ്തുവിൽ ശയിക്കുന്നതാരാണെന്നാണ് ഈ ഗദ്യഭാഗത്തിൽ സൂചിപ്പിച്ചിട്ടുള്ളത് ?
(1) ശൂദ്രർ (2) ബ്രാഹ്മണർ (3) ദിക്പാലകർ (4) വാസ്തുദേവൻ

94. വാസ്തു എന്ന വാക്കിന്റെ അർത്ഥമെന്ത് ?
(1) മേല്ക്കൂര (2) ക്ഷേത്രം (3) ഭൂമി (4) വീട്

95. തൊഴുത്തിന് പ്രാധാന്യം നല്കുന്ന വാസ്തുശൈലിയുള്ള ദേശമേത് ?
(1) വെമ്പൊലിനാട് (2) വള്ളുവനാട് (3) കോലത്തുനാട് (4) ഓണാട്ടുകര

96. കേരളത്തിലെ കെട്ടിടങ്ങൾക്ക് എത്ര ശൈലികളാണ് ഉള്ളത് ?
(1) ഏഴ് (2) നാല് (3) അഞ്ച് (4) ആറ്

97. ഒറ്റപ്പുരയായി വീടു പണിയേണ്ട മുൻഗണനാ ക്രമമേത് ?
(1) വടക്കിനി, പടിഞ്ഞാറ്റിനി, കിഴക്കിനി, തെക്കിനി
(2) തെക്കിനി, വടക്കിനി, പടിഞ്ഞാറ്റിനി, കിഴക്കിനി
(3) തെക്കിനി, പടിഞ്ഞാറ്റിനി, വടക്കിനി. കിഴക്കിനി
(4) പടിഞ്ഞാറ്റിനി, കിഴക്കിനി, തെക്കിനി, വടക്കിനി

98. 'ചതുശ്ശാല' യ്ക്കു പറയുന്ന മറ്റൊരു പേര് എന്ത് ?
(1) മുഖപ്പ് (2) എട്ടുകെട്ട് (3) കൊട്ടാരം (4) നാലുകെട്ട്

99. വൈശ്യർക്കു വസിക്കാനായിട്ടാണെന്ന് പൊതുവെ വിശ്വസിക്കപ്പെടുന്നത് ഏത് ?
(1) പടിഞ്ഞാറ്റിനി (2) തെക്കിനി (3) കിഴക്കിനി (4) വടക്കിനി

**താഴെക്കൊടുത്തിട്ടുള്ള പദ്യഭാഗം വായിച്ച ശേഷം (100-105) ചോദ്യങ്ങൾക്ക് ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.**

പ്രപഞ്ചമരുൾവൂ പട്ടും വെട്ടും
പകരത്തിനു പകരം.
വിളക്കു കൈവശമുള്ളവനെങ്ങും
വിശ്വം ദീപമയം.
വെണ്മ മനസ്സിൽ വിളങ്ങിന ഭദ്രനു
മേന്മേലമൃതമയം.
പേശലമല്ലൊരു വസ്തുവുമുലകിൽ
പ്രേക്ഷകനില്ലെന്നാ;-
ലീശ്വരസൃഷ്ടിയിലെങ്ങെങ്ങില്ലീ
യിതരേതരയോഗം ?
പദാർത്ഥനിരതൻ പ്രകൃതിജഭാവം
പരസ്പരാകർഷം;
പ്രാണികുലത്തിൻ പ്രഥമാത്മഗുണം
പരസ്പരപ്രേമം.
നമിക്കിലുയരാം, നടുകിൽത്തിന്നാം,
നല്കുകിൽ നേടിടാം;

നമുക്കു നാമേ പണിവതു നാകം
നരകവുമതുപോലെ.
മനവും മിഴിയും നാവും കരവും
മന്നിൻ മാലകലാൻ
മഹാനുകമ്പാമസൃണിതമാക്കും
മനുഷ്യർ ദേവന്മാർ
പാഷാണൗഷധിപക്ഷി മൃഗാദികൾ
പല പല വടിവുകളിൽ
പ്രകൃതി ലസിപ്പൂ നമുക്കു ചുറ്റും
പരമോത്സവദാത്രി
പേർത്തും നമ്മിലുമവയിലുമൊപ്പം
പ്രേക്ഷിപ്പോർക്കെല്ലാം
പ്രേമാത്മാവായ് വിലസും നമ്മുടെ
പിതാവിനെക്കാണാം.
ഉലകാമുത്തമവിദ്യാലയമിതി-
ലുപകാരോപനിഷ-
ത്തോതിക്കോനവനുപദേശിപ്പതു
മുറക്കവേ കേൾക്കാം.
ഏകോദരസോദരർ നാമേവരു-
മെല്ലാജ്ജീവികളും
ലോകപടത്തിൽത്തമ്മിലിണങ്ങിടു-
മോതപ്രോതങ്ങൾ.

**100.** പിതാവായ ഈശ്വരൻ നമ്മെ ഉപദേശിക്കുന്നതെന്താണെന്നാണ് കവി പറയുന്നത് ?
(1) പ്രേമം (2) ത്യാഗം (3) ഉപകാരം (4) വിനയം

**101.** 'കാഴ്ചക്കാരൻ' എന്ന അർത്ഥത്തിൽ കവി ഉപയോഗിച്ച വാക്കേത് ?
(1) പ്രേമാത്മാവ് (2) പ്രേക്ഷകൻ
(3) ഭദ്രൻ (4) പദാർത്ഥനിരതൻ

**102.** 'സ്വർഗം' എന്ന അർത്ഥത്തിൽ കവിതയിൽ പ്രയോഗിച്ച വാക്കേത് ?
(1) നാകം (2) വെണ്മ (3) യോഗം (4) ഓതപ്രോതം

**103.** പ്രാണികുലത്തിൻ പ്രഥമഗുണമായി കവി വിശേഷിപ്പിച്ചത് എന്തിനെയാണ് ?
(1) പരസ്പരസഹകരണം (2) പരസ്പരസഹായം
(3) പരസ്പരപ്രേമം (4) പരസ്പരവിശ്വാസം

**104.** 'പേശലം' എന്ന വാക്കിന്റെ അർത്ഥമെന്ത് ?
(1) ശീതളം (2) തിളങ്ങുന്ന (3) മനോഹരം (4) വിരൂപം

**105.** 'വിഷ'ത്തിന്റെ പര്യായം ഇവയിലേതാണ് ?
(1) ലോകപടം (2) ഓതപ്രോതം (3) പ്രകൃതിജം (4) പാഷാണം

**106.** സെക്കണ്ടറി ഘട്ടത്തിലുള്ള പഠിതാക്കൾക്ക് ഒരു പാഠം/ ചെറുകഥ നൽകിയിട്ട് അധികാരത്തിന്റെ നീതിയുടെയും കാഴ്ചപ്പാടിലൂടെ വായിച്ച് അർഥങ്ങളും ആശയങ്ങളും ചർച്ച ചെയ്യുവാൻ ടീച്ചർ ആവശ്യപ്പെട്ടു. പഠിതാക്കളുടെ ഏതു നൈപുണി വികസിപ്പിക്കാനാണ് ടീച്ചർ ഇതുവഴി പരിശ്രമിച്ചത് ?

(1) ഉന്നതഭാഷാനൈപുണികൾ

(2) വിമർശനസാക്ഷരതാനൈപുണി

(3) വിമർശനാത്മകബോധനശാസ്ത്ര നൈപുണി

(4) വിമർശനാത്മകഭാഷാവികാസ നൈപുണി

**107.** അന്തർഭാഷാപരമായ തിരിച്ചറിയൽ എന്നാലെന്ത് ?

(1) വിവിധഭാഷകളുടെ പഠനം വിവിധങ്ങളായ ശേഷി വാഗ്ദാനം ചെയ്യുന്നതായി പഠിതാവ് മനസ്സിലാക്കുന്നു.

(2) തദ്ദേശീയഭാഷയുടെയും ലക്ഷ്യ ഭാഷയുടെയും ചിലതെല്ലാം സമാനമാണെന്ന് പഠിതാവ് നിർണയിക്കുന്നു.

(3) തദ്ദേശീയഭാഷയുടെയും ലക്ഷ്യ ഭാഷയുടെയും ചിലതെല്ലാം അസമാനമാണെന്ന് പഠിതാവ് നിർണയിക്കുന്നു.

(4) തദ്ദേശീയഭാഷയിലുള്ള അറിവ് രണ്ടാം ഭാഷയുടെ പഠനത്തിൽ ഇടപെടുന്നതായി പഠിതാവ് നിർണയിക്കുന്നു.

**108.** ഒരു ഭാഷാദ്ധ്യാപകൻ ഇംഗ്ലിഷിൽ ഒരു കഥ പറഞ്ഞു കൊടുത്തിട്ട് അവരവർക്കറിയാവുന്ന ഭാഷകളിൽ അക്കഥ ഗ്രൂപ്പിൽ പറയുവാനും അതിനുശേഷം പൊതുഭാഷയിൽ പറയുവാനും നിർദ്ദേശിച്ചു. ഈ ബോധനശാസ്ത്രം അറിയപ്പെടുന്നത് ഏതു പേരിൽ ?

(1) ഭാഷാർജ്ജനം (2) ട്രാൻസ്ലാംഗ്വേജിംഗ്

(3) ബഹുഭാഷാനയം (4) ബഹുഭാഷാപഠനം

**109.** ഏഴാം ക്ലാസ്സിലെ പഠിതാക്കൾക്ക് പത്തു വാക്യങ്ങളോടു കൂടിയ ഒരു കഥ നൽകിക്കൊണ്ട് ജോടിയായി ചെയ്യേണ്ട ഒരു പ്രവൃത്തി ചെയ്യുവാനായി അധ്യാപകൻ നല്കി. ജോടിയിലുള്ള ഒരാൾ ആദ്യവാക്യം വായിക്കുകയും കൂടെയുള്ള ആൾ അത് എഴുതിയെടുക്കുകയും ചെയ്യുന്നു. തുടർന്ന് ജോടിയിലുള്ള ആദ്യത്തെയാൾ രണ്ടാമത്തെ വാക്യം വായിക്കുകയും കൂടെയുള്ള ആൾ അത് എഴുതിയെടുക്കുകയും ചെയ്യുന്നു. ഇപ്രകാരം ജോടികളൊന്നടങ്കം കഥ വായിച്ച് പ്രവർത്തനം പൂർണമാക്കുന്നു. മൂല പാഠവും തങ്ങൾ എഴുതിയതും തമ്മിൽ അവസാനം അവർ താരതമ്യം നടത്തുന്നു. ഈ പ്രവൃത്തി അറിയപ്പെടുന്നത് ഏതു പേരിൽ ?

(1) പരസ്പരകേട്ടെഴുത്ത് (2) പരസ്പരരചന

(3) പരസ്പരശ്രദ്ധ (4) വാക്യകേട്ടെഴുത്ത്

**110.** സവിശേഷമായ ഒരറിവു ലഭിക്കാനായി ഒരു പഠിതാവ് ദിനപത്രത്തിലെ ഒരു വാർത്ത വായിക്കുന്നു. ഈ വായന അറിയപ്പെടുന്നത് ഏതു പേരിൽ ?

(1) പഠനനൈപുണി (2) വിമർശനവായന

(3) വേഗവായന (4) സൂക്ഷ്മവായന

www.prepp.in

Your Personal Exams Guide

**111.** വ്യാകരണപഠനബോധനത്തിലുള്ള പ്രക്രിയാ ജ്ഞാനത്തിന്റെ ഉപയോഗമെന്ത് ?
(1) ഭാഷയും ഭാഷയുടെ സംസ്കാരവും മനസ്സിലാക്കുക.
(2) വ്യാകരണവിഷയത്തെ കൈകാര്യം ചെയ്യുക.
(3) വ്യാകരണ വിഷയജ്ഞാനം ആർജ്ജിക്കുക.
(4) വ്യാകരണവിഷയത്ത്വം ഗ്രഹിക്കുക.

**112.** അച്ഛനുണ്ടായ സ്ഥലംമാറ്റത്തെത്തുടർന്ന് ആറാംക്ലാസ്സ് വിദ്യാർത്ഥിനിയായ ശ്രേയ പഞ്ചാബിലെ ജലന്ധറിൽനിന്ന് തമിഴ്നാട്ടിലെ മധുരയിലേക്ക് എത്തിച്ചേർന്നു. സ്കൂളിൽ അവൾ രണ്ടാംഭാഷയായി പഠിച്ചത് ഇംഗ്ലിഷായിരുന്നു. മാതൃഭാഷയായ പഞ്ചാബിയും അവൾക്കറിയാമായിരുന്നു. അയൽപ്പക്കത്തുനിന്നു പഠിച്ച തമിഴ്ഭാഷ അവൾക്ക് എഴുതുവാനും വായിക്കുവാനും അറിയാമായിരുന്നു. അവൾക്കറിയാവുന്ന ഭാഷകളെ അടിസ്ഥാനപ്പെടുത്തിയ ഏതു പ്രസ്താവനയാണ് ചുവടെ നൽകിയതിൽ ശരിയായിട്ടുള്ളത് ?
(1) ഭാഷാർജ്ജനത്തിലൂടെ ഇംഗ്ലിഷും ഭാഷാപഠനത്തിലൂടെ പഞ്ചാബിയും തമിഴും അവൾ ഗ്രഹിച്ചു.
(2) പഞ്ചാബിയും തമിഴും ഭാഷാർജ്ജനത്തിലൂടെയും ഇംഗ്ലിഷ്, ഭാഷാപഠനത്തിലൂടെയും അവൾ ഗ്രഹിച്ചു.
(3) തമിഴ് ഭാഷാർജ്ജനത്തിലൂടെയും ഇംഗ്ലിഷും പഞ്ചാബിയും ഭാഷാ പഠനത്തിലൂടെയും അവൾ ഗ്രഹിച്ചു.
(4) പഞ്ചാബി, തമിഴ്, ഇംഗ്ലിഷ് എന്നീ മൂന്നു ഭാഷകളും ഭാഷാപഠനത്തിലൂടെ അവൾ ഗ്രഹിച്ചു.

**113.** കോഴിക്കോട്ടെ പ്രത്യേകസമുദായം സംസാരിക്കുന്ന മലയാളം അവിടെത്തന്നെയുള്ള മറ്റുള്ളവർ സംസാരിക്കുന്ന മലയാളത്തിൽനിന്ന് നേരിയ വ്യത്യാസമുള്ളതാണ്. ആ പ്രത്യേകസമുദായം സംസാരിക്കുന്ന മലയാളം അറിയപ്പെടുന്നത് എങ്ങനെ ?
(1) വ്യത്യസ്തങ്ങളായ രണ്ടുഭാഷകൾ
(2) രണ്ടുതരംമലയാളം
(3) മലയാളത്തിന്റെ പ്രാദേശികഭാഷാഭേദം
(4) മലയാളത്തിന്റെ സാമൂഹിക ഭാഷാഭേദം

**114.** താഴെ നൽകിയതിൽ ത്രിഭാഷാ സമവാക്യവുമായി ശരിയായി ചേർന്നു നിൽക്കുന്നതേത് ?
(1) മാതൃഭാഷ/ഗൃഹഭാഷ/ഇംഗ്ലിഷ് ഒന്നാംഭാഷ
(2) മാതൃഭാഷ/ഗൃഹഭാഷ/പ്രാദേശിക ഭാഷ ഒന്നാംഭാഷ
(3) ഇംഗ്ലിഷ്/ഹിന്ദി/ഗൃഹഭാഷ/തദ്ദേശീയ ഭാഷ ഒന്നാംഭാഷ
(4) മാതൃഭാഷ/ഗൃഹഭാഷ/ഹിന്ദി ഒന്നാം ഭാഷ

**115.** താഴെ കൊടുത്ത നിയോഗം പഠിതാക്കളുടെ വിവിധ ഗ്രൂപ്പുകൾക്കു നൽകിയതാണ്. ഇതിലെ പദകോശപഠനപ്രവർത്തനമറിയപ്പെടുന്നത് എങ്ങനെയെന്ന് കണ്ടെത്തുക. താഴെ കൊടുത്ത വാക്കുകളുമായി ബന്ധമുള്ള പദങ്ങളുടെ ശൈലികളും കണ്ടെത്തുക.

കുടുംബം | അനുഭൂതി | പരസ്പരബന്ധം

(1) വേഡ് വെബ്
(2) പ്രമേയപദാവലി
(3) പദനിരകൾ
(4) പദാവലീസമാഹാരം

**116.** പങ്കാളിത്തപഠന ഗ്രൂപ്പിൽ വിവിധ ചുമതലകളോടു കൂടി ഒരു അധ്യാപകനും നാലുപഠിതാക്കളും എന്ന പഠനസമ്പ്രദായ രീതിയുണ്ട്. വായനഗ്രഹണശക്തി വികസിക്കുന്തോറും പാഠത്തെ ആസ്പദമാക്കി സംവാദങ്ങൾ നടക്കുകയും അത് സമീപസ്ഥവികാസം സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ പദ്ധതി അറിയപ്പെടുന്നത് ഏതു പേരിൽ ?

(1) മാതൃകാവായന

(2) വ്യാകരണപരിഭാഷാസമ്പ്രദായം

(3) പരസ്പരപൂരകപഠനം

(4) ഘടനാപരമായ സമീപനം

**117.** ദൈനംദിന, മുഖാമുഖ ഇടപെടലുകൾക്ക് നമ്മൾ ഉപയോഗിക്കുന്ന ഭാഷ അറിയപ്പെടുന്നത് എങ്ങനെ ?

(1) വ്യക്ത്യന്തരഭാഷാശേഷി

(2) ബൗദ്ധിക അക്കാദമികഭാഷാ വൈദഗ്ദ്ധ്യം (CALP)

(3) പ്രാഥമിക വ്യക്ത്യന്തരഭാഷാ ശേഷികൾ (BICS)

(4) ആശയവിനിമയഭാഷാശേഷികൾ

**118.** പരിഹാരാത്മകപഠനമെന്തിനാണ് ?

(1) ഭാഷാവിഷയങ്ങളിലെ മാർക്കുകൾ വർദ്ധിപ്പിക്കുവാൻ അധ്യാപകരും പഠിതാക്കളും ശ്രമിക്കുന്നതിന്.

(2) ഭാഷാപഠനത്തിലെ പ്രത്യേക കാര്യങ്ങളിൽ സവിശേഷശ്രദ്ധ വേണ്ട പഠിതാക്കൾക്കുള്ളത്.

(3) ചില വിദ്യാർത്ഥികളെ ഭാഷ പഠിപ്പിക്കുന്നതിനായി അധ്യാപനരീതി അധ്യാപകർ പുതുക്കുന്നതിനായി.

(4) പഠനബോധനരീതികളിൽ പഠിതാക്കളും അധ്യാപകരും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പരിഷ്കാരങ്ങളെ ക്കുറിച്ചും ബോദ്ധ്യപ്പെടുവാൻ.

**119.** 'ചിഹ്നഭാഷ'യുമായി പൊരുത്തപ്പെടാത്ത പ്രസ്താവന ഏതാണ് ?

(1) ചിഹ്നഭാഷയ്ക്ക് വ്യാകരണമുണ്ട്

(2) ചിഹ്നഭാഷ്യ്ക്ക് അനേകം വൈവിധ്യങ്ങളുണ്ട്

(3) ചിഹ്നഭാഷ സ്വാഭാവികഭാഷയാണ്

(4) ചിഹ്നഭാഷയ്ക്ക് വ്യാകരണമില്ല

**120.** താഴെക്കൊടുത്തവയിൽ 'വിപുലവായന' യുടെ ഉദ്ദേശ്യമല്ലാത്തത് ഏത് ?

(1) അഹ്ലാദത്തിനായുള്ള വായന

(2) ആസ്വദിക്കാനുള്ള വായന

(3) അറിയാത്തത് അറിയുവാനുള്ള വായന

(4) വ്യാകരണപഠനത്തിനുള്ള വായന

www.prepp.in

**ഭാഷ - II മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം V** (**ചോദ്യങ്ങൾ 121-150**) ഉത്തര-മെഴുതുക.

Candidates should attempt the questions from **Part-V (Q.No. 121-150)**, if they have opted **MALAYALAM** as **Language-II** only.

**PART-V**
**LANGUAGE-II**
**MALAYALAM**

**ഭാഷ-II മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം-V** (**ചോദ്യങ്ങൾ 121-150**) ഉത്തരമെഴുതുക.

**താഴെ കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച ശേഷം (121 - 128) ചോദ്യങ്ങൾക്ക് ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.**

പ്രാചീനകാലം മുതൽ ഭാരതത്തിലും ഇതര രാജ്യങ്ങളിലും നിലനിന്നിരുന്ന നാഗാരാധനയുടെ പശ്ചാത്തലത്തിൽ വേണം, കേരളത്തിലെ നാഗാരാധനയെ വിലയിരുത്തേണ്ടത്. ഭാരതീയർ സർപ്പങ്ങളെ ആരാധിക്കാൻ ഏതുകാലം മുതലാണ് തുടങ്ങിയതെന്നു കൃത്യമായി പ്രവചിക്കാനാവില്ല. ആഹാരസമ്പാദനത്തിനുവേണ്ടി അലഞ്ഞു നടക്കുന്ന കാലഘട്ടത്തിൽ ലോകമെമ്പാടുമുള്ള മനുഷ്യരെപ്പോലെ പ്രാചീനഭാരതീയരും ഇഴജന്തുക്കളെ ഭയപ്പെട്ടിരിക്കണം. ഈ ഭയത്തിൽ നിന്നാവാം നാഗാരാധന ഇവിടെയും ഉടലെടുത്തത്.

പാമ്പുകളുടെ വളഞ്ഞുപുളഞ്ഞു ശീഘ്രതയിലുള്ള സഞ്ചാരം, വളരെപ്പെട്ടെന്ന് ഓടിയൊളിക്കാനുള്ള വൈദഗ്ദ്ധ്യം , ഇടയ്ക്കിടയ്ക്ക് പടം പൊഴിക്കുന്ന സ്വഭാവം, ചിലയിനം പാമ്പുകളുടെ പത്തി വിടർത്താനുള്ള കഴിവ്, സർവ്വോപരി പാമ്പുകടിയേറ്റാൽ പെട്ടെന്നുണ്ടാകാവുന്ന മരണം എന്നിവയാവണം സർപ്പങ്ങളെ ഭയഭക്തിയോടെ കാണാൻ പ്രാചീന ഭാരതീയരെ പ്രേരിപ്പിച്ചത്. പാമ്പുകളുടെ പക, പാമ്പുകളുടെ ഓർമ്മശക്തി, ഫണത്തിനുള്ളിൽ മാണിക്യം സൂക്ഷിക്കുന്ന പാമ്പുകൾ, നിധി കാക്കുന്ന പാമ്പുകൾ എന്നിങ്ങനെ അനേകം കെട്ടുകഥകൾ ഇവിടെയും പ്രചാരത്തിലുണ്ട്. സർപ്പങ്ങളെ പ്രീതിപ്പെടുത്തിയാൽ ഭൂമിക്കടിയിൽ നിഗൂഢമായി സ്ഥിതിചെയ്യുന്ന നിധി ലഭിക്കുമെന്ന വിശ്വാസത്തിനാണ് ഇവയിൽ ഏറ്റവും കൂടുതൽ പ്രചാരം.

വിഷചികിത്സയെപ്പറ്റി ഒട്ടുവളരെ കഥകൾ നിലവിലുണ്ട്. ദൂതലക്ഷണം വച്ചാണ് പാമ്പുകടിയേറ്റ് എത്തുന്ന രോഗിയെ പഴയകാലത്ത് വിഷവൈദ്യന്മാർ ചികിത്സിച്ചിരുന്നത്. മന്ത്രശക്തി കൊണ്ട്, കടിച്ച പാമ്പിനെ തിരിച്ചുവരുത്താൻ കഴിവുള്ള വിഷാഹാരികളെപ്പറ്റിയും അനേകം കഥകൾ പ്രചരിച്ചിരുന്നു.

സർപ്പാരാധനയുടെ ആവിർഭാവ കാലത്തെപ്പറ്റി അന്വേഷിച്ചുപോയാൽ ഹാരപ്പ കാലഘട്ടത്തിൽ ചെന്നെത്താം. വിചിത്രമെന്നു പറയട്ടെ, ഋഗ്വേദത്തിൽ സർപ്പാരാധനയെപ്പറ്റി സൂചനയൊന്നുമില്ല. യജുർവ്വേദത്തിൽ ഒരാരാധനാ സമ്പ്രദായമായി സർപ്പപൂജ പരാമർശിക്കപ്പെട്ടിട്ടുണ്ട്. അഥർവ്വവേദത്തിൽ സർപ്പാരാധനയ്ക്കു മന്ത്രങ്ങളുണ്ട്.

നാഗങ്ങൾ പാതാളത്തിൽ വസിക്കുന്നവരാണെന്നാണ് നമ്മുടെ മിഥോളജികൾ പറയുന്നത്. കാശ്യപപ്രജാപതിക്കു കദ്രുവിൽ ആയിരം സർപ്പസന്തതികൾ ജനിച്ചു എന്നു മഹാഭാരതത്തിൽ പറയുന്നു. അനന്തൻ, വാസുകി, തക്ഷകൻ, കാർക്കോടകൻ, മഹാപത്മൻ തുടങ്ങിയ എട്ടു നാഗങ്ങളാണ് ഇവയിൽ പ്രധാനം. സൂര്യചന്ദ്ര ഗ്രഹണങ്ങൾക്കു കാരണക്കാരായി കരുതിയിരുന്ന രാഹു-കേതുക്കളെയും സർപ്പരൂപത്തിലാണല്ലോ സങ്കല്പിക്കുന്നത്. ശൈവപക്ഷപാതികൾ വാസുകിയെ നാഗരാജാവായി കരുതുമ്പോൾ, വൈഷ്ണവസമ്പ്രദായക്കാർ അനന്തനെയാണ് നാഗരാജാവായി ആരാധിക്കുന്നത്.

പുരാണങ്ങളിലെ ത്രിമൂർത്തികളിൽ വിഷ്ണുവിന്റെയും ശിവന്റെയും സന്തത സഹചാരികളുടെ കൂട്ടത്തിൽ ദിവ്യസർപ്പങ്ങളായ അനന്തനും വാസുകിയും ഉണ്ട്. അനന്തന്റെ അഥവാ ശേഷന്റെ പുറത്താണ് മഹാവിഷ്ണു ശ്രീദേവിയോടും ഭൂദേവിയോടും ചേർന്ന് സ്ഥിതി ചെയ്യുന്നത്. അനന്തന്റെ പുറത്തു ശയിക്കുന്ന രൂപത്തിലുള്ള മഹാവിഷ്ണുവിനെ ആരാധിക്കുന്നത് വളരെ വിശേഷമായി വൈഷ്ണവസമ്പ്രദായക്കാർ കരുതിവരുന്നു. വിഷ്ണുവിന്റെ ദശാവതാരങ്ങ- ളിലൊന്നായ ബലഭദ്രൻ,

അനന്തന്റെ ചൈതന്യത്തെയാണ് പ്രതിനിധാനം ചെയ്യുന്നതെന്നു ഭാഗവതത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. വാസുകിയെ കഴുത്തിലണിഞ്ഞ രൂപത്തിലാണ് ശിവനെ ഭക്തന്മാർ സങ്കല്പിക്കുന്നത്. വാസുകിയുടെ പുറത്തു ശയിക്കുന്ന വിധത്തിലുള്ള ശിവനും കേരളീയസങ്കല്പങ്ങളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്.

മുടിയേറ്റ്, തീയാട്ട് തുടങ്ങിയ അനുഷ്ഠാന കലകളിൽ ഭദ്രകാളിയുടെ വേഷം കെട്ടുന്നവർ അണിയുന്ന മുടി അഥവാ കിരീടം സർപ്പപ്പത്തികളുടെ മാതൃകകൾകൊണ്ട് അലങ്കരിക്കുന്നത് സാധാരണമാണ്. നാഗങ്ങളുടെ പിൻതുണകൂടി ഭദ്രകാളിക്കുണ്ട് എന്നു കാണികളെ ബോദ്ധ്യപ്പെടുത്താനാവണം ഇങ്ങനെ ചെയ്യുന്നത്.

**121.** സർപ്പങ്ങളെ പ്രീതിപ്പെടുത്തിയാൽ എന്തു ലഭിക്കുമെന്ന വിശ്വാസത്തിനായിരുന്നു ഏറ്റവും പ്രാമുഖ്യം ഉണ്ടായിരുന്നത് ?

(1) യൗവനം നിലനിൽക്കും (2) ഉത്തമസന്താനലബ്ധി
(3) നിഗൂഢനിധി ലഭിക്കും (4) ആയുസ്സ് വർദ്ധിക്കും

**122.** അനന്തനെ നാഗങ്ങളുടെ രാജാവായി ആരാധനാപൂർവം നോക്കുന്ന സമ്പ്രദായമേത് ?

(1) ഗാണപത്യസമ്പ്രദായം (2) വൈഷ്ണവസമ്പ്രദായം
(3) ശൈവസമ്പ്രദായം (4) ശാക്തേയസമ്പ്രദായം

**123.** വിഷവൈദ്യന്മാർ പ്രാചീനകാലത്ത് ചികിത്സിച്ചത് ഏതു ലക്ഷണം മുൻനിർത്തിയായിരുന്നു ?

(1) വിഷലക്ഷണം (2) ദൂതലക്ഷണം
(3) മന്ത്രലക്ഷണം (4) രോഗലക്ഷണം

**124.** സർപ്പാരാധന തുടങ്ങിയത് എങ്ങനെയാണെന്നാണ് ലേഖകൻ അനുമാനിക്കുന്നത് ?

(1) കരുണം (2) പ്രകൃതിസ്നേഹം
(3) ഭയം (4) അത്ഭുതം

**125.** സൂര്യ-ചന്ദ്രഗ്രഹണത്തിന് കാരണക്കാരായി ഭാരതീയർ കരുതുന്ന സർപ്പങ്ങൾ ഏതൊക്കെയാണ് ?

(1) രാഹുവും കേതുവും (2) വാസുകിയും തക്ഷനും
(3) അനന്തനും വാസുകിയും (4) തക്ഷകനും കാർക്കോടകനും

**126.** താഴെ നൽകിയിട്ടുള്ള അനുഷ്ഠാനകലകളിൽ ഏതിലാണ് സർപ്പഫണമാതൃകയിലുള്ള കിരീടമണിയാറുള്ളത് ?

(1) തിറ (2) തീയാട്ട് (3) തെയ്യം (4) പടയണി

**127.** സർപ്പാരാധന സംബന്ധിച്ചുള്ള മന്ത്രങ്ങളുള്ള വേദമേത് ?

(1) യജുർവേദം (2) ഋഗ്വേദം (3) സാമവേദം (4) അഥർവവേദം

**128.** ഭാരതീയരുടെ വിശ്വാസപ്രകാരം സർപ്പങ്ങൾ വസിക്കുന്നിടം ഏത് ?

(1) നരകം (2) സ്വർഗം (3) ഭൂമി (4) പാതാളം

**താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ചിട്ട് ചോദ്യങ്ങൾക്ക് (129 - 135) ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.**

കരയിൽ ജീവിക്കുന്ന ഏറ്റവും വലുപ്പമേറിയ ജീവിയാണ് ആന. ഉഷ്ണമേഖലാ വന പ്രദേശങ്ങളിലാണ് പൊതുവെ ആനയെ കണ്ടു വരുന്നത്. ഏഷ്യൻ ആനകൾ, ആഫ്രിക്കൻ ആനകൾ എന്നിങ്ങനെ ആനകൾ രണ്ടുവിധമുണ്ട്.

ഇവിടെ കണ്ടുവരുന്ന ആനകൾ ഏഷ്യൻ ആനകളുടെ വിഭാഗത്തിൽപ്പെട്ടവയാണ്. 10.8 അടി ഉയരവും 6 ടൺ ഭാരവും ഇവയ്ക്കുണ്ടാകാറുണ്ട്. പിടിയാനയ്ക്കു (പെൺ ആന) കൊമ്പുകളുണ്ടാവില്ല. കൊമ്പില്ലാത്ത ആൺ ആനകളെ മോഴകൾ എന്നു പറയുന്നു.

നീണ്ട തുമ്പിക്കൈ, ചെറിയ ചെവികൾ, കാലുകളിൽ 18 നഖങ്ങൾ, ഉയർന്ന മസ്തകം, തലകുന്നി എന്നിവയാണ് ഇവയുടെ പ്രത്യേകതകൾ.

ആനയുടെ കഴുത്ത് ചെറുതാണ്. ഏഴു കശേരുക്കളാണു കഴുത്തിലുള്ളത്. മണിക്കൂറിൽ 4 കിലോമീറ്റർ ദൂരം ഇവ സഞ്ചരിക്കും. മണിക്കൂറിൽ 25 കിലോമീറ്റർ വരെ വേഗത്തിൽ ഓടാനും ഇവയ്ക്കു കഴിയും. പ്രകൃതിദുരന്തങ്ങളായ ഭൂമികുലുക്കം, ഇടിമിന്നൽ എന്നിവ ആനകൾക്കു പെട്ടെന്നു തിരിച്ചറിയാൻ സാധിക്കും. ആനയ്ക്കു കാഴ്ചശക്തി കുറവും ഘ്രാണശക്തി കൂടുതലുമാണ്. മേൽനിരയിലെ ഉളിപ്പല്ലുകൾ രൂപാന്തരപ്പെട്ടാണ് ആനക്കൊമ്പു- ണ്ടായിരിക്കുന്നത്. ആനകൾക്കു ചാടാൻ കഴിയില്ല. നില്ക്കുന്ന സമയത്ത് മിനിറ്റിൽ പത്തും കിടക്കുമ്പോൾ അഞ്ചുമാണ് ആനയുടെ ശ്വാസോച്ഛ്വാസം. ആന പിൻകാലുകൾ മുന്നിലേക്കാണ് മടക്കുന്നത്. ആനകൾക്ക് ഓർമശക്തിയും പ്രതികാരബുദ്ധിയും വളരെ കൂടുതലാണ്. ആനയെ പൂർണ്ണമായും ഇണക്കാൻ സാധിക്കാറില്ല.

ആനകൾ തുമ്പിക്കൈകൊണ്ടു തടവിയും ചൂളംവിളിച്ചും ആശയവിനിമയം നടത്താറുണ്ട്. മനുഷ്യർക്കു കേൾക്കാൻ കഴിയാത്ത രീതിയിൽ ഇവ പുറപ്പെടുവിക്കുന്ന ശബ്ദം 5 കിലോമീറ്റർ വരെ അകലെയുള്ള മറ്റാനകൾക്കു കേൾക്കാനാവും.

ആനകളുടെ മുൻകാലുകളെ നട എന്നും പിൻകാലുകളെ അമരം എന്നും പറയുന്നു. പിടിയാനകൾ 12, 14 വയസ്സിലും കൊമ്പനാന 14-16 വയസ്സിലും പ്രായപൂർത്തിയാകുന്നു. കൊമ്പനിലും മോഴയിലും മദിലക്ഷണങ്ങൾ ഉണ്ടാകും. പിടിയാനയ്ക്കു 4 മാസത്തിലൊരിക്കൽ മദിയുണ്ടാവും. 2 മുതൽ 8 വരെദിവസം നീണ്ടു നില്ക്കുന്ന ഈ സമയത്തേ അവ ഇണചേരാൻ സമ്മതിക്കൂ.

ആനയുടെ ഗർഭകാലം 21 മാസങ്ങളാണ്. ഗർഭിണികളായ ആനകളിൽ ആദ്യമാസം മുതൽ അകിടു വലുതാവും. മുലക്കാമ്പിലൂടെ കൊഴുത്ത ദ്രാവകം ഊറിവരും. 13-ാം മാസം മുതൽ കുട്ടി അനങ്ങുന്നത് ശ്രദ്ധിച്ചാൽ കാണാനാവും. നാട്ടാനകൾ സാധാരണ പകൽസമയത്താണു പ്രസവിക്കുക. പ്രസവവേദന 1 മുതൽ 2 വരെ മണിക്കൂർനീണ്ടു നില്ക്കും. രണ്ടുപ്രസവങ്ങൾ തമ്മിൽ 3 വർഷത്തെ ഇടവേളയുണ്ടാകും.

പ്രകൃത്യാ വന്യമൃഗങ്ങളാണ് ആനകൾ. ചൂടു കുറഞ്ഞ സമയത്താണ് ഇവ മേയാനും വെള്ളം കുടിക്കാനും ഇറങ്ങുക. കൂട്ടമായാണു കാട്ടിൽ ഇവ ജീവിക്കുന്നത്. ഒരു കൂട്ടത്തിൽ 30 ആനകൾ വരെയുണ്ടാകും. പ്രായം കൂടിയ പിടിയാനയായിരിക്കും ആനക്കൂട്ടത്തിന്റെ നേതാവ്. ആനക്കുട്ടികളെ സംരക്ഷിക്കുക പിടിയാനകളാണ്. കൊമ്പനാനകൾ കാടു മുഴുവൻ കറങ്ങുന്നവയാണ്. കുട്ടി പിറന്നാലുടനെ പിടിയാന അവയെ എഴുന്നേല്പിച്ചു പാൽ കുടിക്കാൻ അനുവദിക്കും. പ്രായമായ ആനകൾ കുട്ടികളെ തുമ്പിക്കൈ ഉപയോഗിക്കാനും തീറ്റ തിന്നാനും വെള്ളം കുടിക്കാനും നീന്താനും പരിശീലിപ്പിക്കും. തീറ്റയ്ക്കു വേണ്ടി 30 കിലോമീറ്റർ വരെ സഞ്ചരിക്കുന്ന ഇവയ്ക്ക് ഒരു ദിവസം 200 കിലോ വരെ ഭക്ഷണവും 250 ലിറ്ററോളം വെള്ളവും ആവശ്യമാണ്. 70 മുതൽ 120 വർഷം വരെയാണ് ആനയുടെ ആയുസ്സ്.

മേൽച്ചുണ്ടു നീണ്ടുവളർന്നു കുഴലുപോലെ രൂപാന്തരപ്പെട്ടതാണ് ആനയുടെ തുമ്പിക്കൈ, തുമ്പിക്കൈയുടെ അറ്റം ത്രികോണാകൃതിയിലാണ്. പേശികളുടെ സങ്കോചവികാസം കാരണം തുമ്പിക്കൈ ചുരുക്കാനും നീട്ടാനും സാധിക്കും. ആന ശ്വസിക്കുന്നതും വെള്ളം ചീറ്റുന്നതും മരക്കൊമ്പുകളും പട്ടയും

വലിച്ചു പൊട്ടിക്കുന്നതും ഗന്ധമറിയുന്നതും തുമ്പിക്കൈ ഉപയോഗിച്ചാണ്. വസ്തുക്കൾ പെറുക്കി എടുക്കാനും തുമ്പിക്കൈകൊണ്ടു സാധിക്കും.

സദാ ചലിച്ചുകൊണ്ടിരിക്കുന്ന വിസ്താരമേറിയ ചെവികളാണ് ആനയ്ക്കുള്ളത്. ശരീരോഷ്മാവ് സ്ഥിരമായി നിലനിർത്താൻ ചെവികളാണ് ആനയെ സഹായിക്കുന്നത്. ആന വളരും തോറും ചെവിയുടെ മുകൾഭാഗം മുന്നോട്ടു മടങ്ങും. പത്തുവയസ്സു മുതലാണ് ഇത് തുടങ്ങുക. 20 വർഷംകൊണ്ടു ചെവിയുടെ മടക്കം ഒരിഞ്ചായിത്തീരും. ഇതു നോക്കി ആനയുടെ പ്രായം കണക്കാക്കാനാകും.

**129.** ശരീരോഷ്മാവ് നിലനിർത്തുവാൻ ആനകളെ സഹായിക്കുന്ന അവയവമേത് ?
(1) വാൽ (2) ചെവികൾ (3) തുമ്പിക്കൈ (4) കണ്ണുകൾ

**130.** ത്രികോണാകൃതിയിലുള്ള ആനയുടെ അവയവം ഏത് ?
(1) കണ്ണുകൾ (2) വാൽ (3) തുമ്പിക്കൈ (4) ചെവികൾ

**131.** ആനയുടെ ഗർഭകാലം എത്ര നാളാണെന്നാണ് ലേഖനത്തിൽ സൂചിപ്പിച്ചിട്ടുള്ളത് ?
(1) 18 മാസം (2) 20 മാസം (3) 21 മാസം (4) 12 മാസം

**132.** ആനയുടെ പ്രായം കണക്കാക്കാൻ ഉപയോഗിക്കുന്ന മാർഗം ഏത് ?
(1) കൊമ്പിന്റെ നീളം അളന്ന്
(2) തുമ്പിക്കൈയുടെ നീളം പരിശോധിച്ച്
(3) ചെവികളുടെ മടക്കം വിലയിരുത്തി
(4) നഖങ്ങളുടെ എണ്ണം കണക്കാക്കി

**133.** ആനയുടെ പര്യായമല്ലാത്ത വാക്ക് ഏതെന്നു കണ്ടുപിടിക്കുക.
(1) കേസരി (2) കരി (3) കളഭം (4) ദ്വിപം

**134.** കൊമ്പില്ലാത്ത ആണാനകളെ വിളിക്കുന്ന പേര് :
(1) മദയാന (2) കുങ്കിയാന (3) കുറ്റിയാന (4) മോഴ

**135.** ആനക്കൂട്ടത്തിൽ പ്രായം കൂടിയ പിടിയാനയുടെ പ്രാധാന്യമെന്ത് ?
(1) ആനക്കൂട്ടത്തെ ഉണർത്തുന്നു.
(2) ആനക്കൂട്ടത്തെ നയിക്കുന്നു
(3) ആനക്കൂട്ടത്തെ പരിശീലിപ്പിക്കുന്നു
(4) ആനക്കൂട്ടത്തെ സംരക്ഷിക്കുന്നു

**136.** താഴെക്കൊടുത്തവയിൽ ഏതു പ്രക്രിയയാണ് ഒരു ഭാഷ നന്നായി എഴുതുന്നതിൽ പങ്കു വഹിക്കുന്നത് ?
(1) മസ്തിഷ്കപ്രക്ഷാളനം - ആശയക്കുറിപ്പെടുക്കുക - ബാഹ്യ രേഖാനിർമിതി - കരടുരചന - സംശോധനം - അന്തിമരൂപം കൊടുക്കൽ
(2) മസ്തിഷ്കപ്രക്ഷാളനം - ബാഹ്യ രേഖാനിർമിതി - കരടു തയ്യാറാക്കൽ - ആശയക്കുറിപ്പെടുക്കുക - സംശോധനം - അന്തിമരൂപം കൊടുക്കൽ
(3) മസ്തിഷ്ക പ്രക്ഷാളനം - ആശയക്കുറിപ്പെടുക്കുക - കരടുരചന - ബാഹ്യരേഖാനിർമിതി - സംശോധനം - അന്തിമരൂപംകൊടുക്കൽ
(4) മസ്തിഷ്കപ്രക്ഷാളനം - ആശയക്കുറിപ്പെടുക്കുക - കരടുരചന - സംശോധനം - ബാഹ്യരേഖാ നിർമിതി - അന്തിമരൂപംകൊടുക്കൽ

**137.** താഴെക്കൊടുത്തവയിൽ ത്രിഭാഷാ സമവാക്യത്തോട് ശരിയാം വിധം ചേർന്നു നിൽക്കുന്നതേത് ?

(1) എല്ലാകുട്ടികളും സ്കൂൾ പഠനമാരംഭിക്കേണ്ടത് മാതൃഭാഷയിലോ ഗൃഹഭാഷയിലോ ആവണം. തുടർന്ന് ക്രമത്തിൽ ഹൈസ്കൂൾ പഠനം പൂർത്തീകരിക്കും മുൻപ് കുറഞ്ഞത് രണ്ടുഭാഷകളെങ്കിലും പഠിക്കണം.

(2) പഠനമാധ്യമമായി ഇംഗ്ലിഷിലോ ഗൃഹ ഭാഷയിലോ സ്കൂൾ പഠനമാരംഭിക്കുന്ന എല്ലാകുട്ടികളും ക്രമത്തിൽ കുറഞ്ഞത് രണ്ടുഭാഷകളിലെങ്കിലും ഹൈസ്കൂൾ പഠനം പൂർത്തീകരിക്കും മുൻപ് അറിവു നേടണം.

(3) എല്ലാ കുട്ടികളും സ്കൂൾ പഠനമാരംഭിക്കുന്നത് സംസ്ഥാന ഭാഷയിലാവണം. തുടർന്ന് ക്രമത്തിൽ ഹൈസ്കൂൾപഠനം പൂർത്തീകരിക്കും മുൻപ് കുറഞ്ഞത് രണ്ടു ഭാഷകളെങ്കിലും പഠിക്കണം.

(4) എല്ലാകുട്ടികളും സ്കൂൾ പഠനമാരംഭിക്കേണ്ടത് ഔദ്യോഗിക ഭാഷയിലും ഹിന്ദിയിലുമാവണം. തുടർന്ന് ക്രമത്തിൽ ഹൈസ്കൂൾപഠനം പൂർത്തീകരിക്കും മുൻപ് കുറഞ്ഞത് രണ്ടുഭാഷകളിലെങ്കിലും അറിവു നേടണം.

**138.** പ്രഖ്യാപിതജ്ഞാനം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

(1) സാക്ഷരവികാസം

(2) ഒരു ഭാഷയിലെ വാക്ക് ഉച്ചരിക്കുവാനുള്ള അറിവ്

(3) വ്യാകരണ ഇനത്തെക്കുറിച്ചുള്ള അറിവ്

(4) വ്യാകരണപ്പിശകുകൾ തിരിച്ചറിയാനുള്ള കഴിവ്

**139.** സാമൂഹികശാസ്ത്രപഠിതാക്കൾ ക്ലാസ് മുറിയിലെ പ്രഭാഷണത്തിലെ പ്രധാന ആശയങ്ങൾ പിടിച്ചെടുക്കുവാനും നിരീക്ഷണങ്ങൾ കുറിച്ചെടുക്കുവാനും ശ്രമിക്കുന്നു. ഈ നൈപുണി അറിയപ്പെടുന്നത് ഏതു പേരിലാണ് ?

(1) ബൌദ്ധികനൈപുണി (2) പഠനനൈപുണി

(3) ശ്രദ്ധാനൈപുണി (4) രചനാനൈപുണി

**140.** പഠനഫലം പഠിതാവിനെ പ്രാപ്തനാക്കുന്നത് എപ്രകാരമാണ് ?

(1) ഭാഷാഘടകങ്ങൾ അളക്കാവുന്ന വിധത്തിൽ നേടുക.

(2) വ്യാകരണജ്ഞാനം അളക്കാവുന്ന വിധത്തിൽ സമ്പാദിക്കുക.

(3) യോഗ്യത അളക്കാവുന്ന വിധത്തിൽ സ്വന്തമാക്കുക.

(4) എല്ലാ നൈപുണികളും പരിമിതമായി നേടിയെടുക്കുക.

**141.** എട്ടാം ക്ലാസ്സിലെ ടീച്ചർ ഒരു പാഠത്തിലെ അഞ്ചുവാക്യങ്ങൾ ഇംഗ്ലിഷിൽ രണ്ടുവട്ടം വായിച്ച ശേഷം പഠിതാക്കളോട് പാഠം ശ്രദ്ധിക്കുവാൻ ആവശ്യപ്പെട്ടു. നാലു ഗ്രൂപ്പുകളായി തിരിഞ്ഞ് പാഠം പുനഃസൃഷ്ടിച്ച് വ്യത്യസ്തമാം വിധം വായിക്കുവാൻ ടീച്ചർ തുടർന്ന് ആവശ്യപ്പെട്ടു. ഈ പ്രവൃത്തി അറിയപ്പെടുന്നത് എപ്രകാരമാണ് ?

(1) ശ്രദ്ധാനിയോഗം (2) എഴുത്തുനിയോഗം

(3) ഖണ്ഡികാകേട്ടെഴുത്ത് (4) സമാഹൃതകേട്ടെഴുത്ത്

**142.** ഏഴാം ക്ലാസ് വിദ്യാർത്ഥിയായ ഇളത്തിന് കന്നട, മറാത്തി, ഹിന്ദി, ഇംഗ്ലിഷ് എന്നീ നാലു ഭാഷകൾ സംസാരിക്കുവാൻ സാധിക്കും. ഈ നാലുഭാഷകളിലും അവൻ വീട്ടിൽ മാതാപിതാക്കളുമായി സ്വാതന്ത്ര്യത്തോടെ സംസാരിക്കും. അധ്യാപകർക്കും കൂട്ടുകാർക്കും അറിയാവുന്ന ഹിന്ദി, കന്നട, ഇംഗ്ലിഷ് ഭാഷകളിലാണ് അവൻ സ്കൂളിൽ ആശയവിനിമയം നടത്താറുള്ളത്. ഈ ശീലമറിയപ്പെടുന്നത് എപ്രകാരമാണ് ?

(1) ഭാഷാന്തരീയത (2) ട്രാൻസ്ലിംഗ്വൽ ശേഷി
(3) കോഡ് - മെഷിംഗ് (4) കോഡ് - മൂവിംഗ്

**143.** താഴെപ്പറയുന്ന രീതികളിൽ, വാക്കുകൾ ഉപയോഗിച്ച് തുളച്ചുകയറുകയും ഭാഷയുടെ ഔപചാരിക സമ്പത്തുകളിൽ പ്രാഗല്ഭ്യം കൈവരുകയും ചെയ്യുന്ന രീതി ഏതാണ് ?

(1) പൂർണശാരീരികപ്രതികരണം
(2) ഓഡിയോ ലിംഗ്വലിസം
(3) ആശയവിനിമയഭാഷാപഠനം
(4) വ്യാകരണപരിഭാഷാപദ്ധതി

**144.** അടുക്കളയിലെ ഉപകരണങ്ങളുടെ ഭാഷാ പരിചയത്തിനായി ആറാം ക്ലാസ്സിലെ ഒരു ടീച്ചർ സ്പൂൺ, പ്ലേറ്റ്, ചട്ടി, പെട്ടി, പാത്രം എന്നിവ ക്ലാസ് മുറിയിൽ കൊണ്ടുവന്നു. ഭാഷാബോധനത്തിൽ ഈ ഉപകരണങ്ങൾ അറിയപ്പെടുന്നത് എങ്ങനെയാണ് ?

(1) യഥാർത്ഥജീവിതനിയോഗങ്ങൾ
(2) ബോധനോപകരണങ്ങൾ
(3) പഠനസഹായിയായ നിത്യജീവിത വസ്തുക്കൾ
(4) പാചകോപകരണങ്ങൾ

**145.** ദേശീയവിദ്യാഭ്യാസപദ്ധതി 2020- ലെ ഭാഷാപഠനവുമായി പൊരുത്തപ്പെടാത്തത് ഇവയിൽ ഏതാണ് ?

(1) ത്രിഭാഷാസമവാക്യത്തിൻ കീഴിൽ ഇംഗ്ലീഷ് ഭാഷ പഠിക്കുക.
(2) ത്രിഭാഷാസമവാക്യത്തിൻ കീഴിൽ ഒരു ക്ലാസ്സിക്കൽ ഭാഷ പഠിക്കുക.
(3) ത്രിഭാഷാസമവാക്യത്തിൻ കീഴിൽ മാതൃഭാഷയും ഗൃഹഭാഷയും പഠിക്കുക.
(4) ത്രിഭാഷാസമവാക്യത്തിൻ കീഴിൽ ഭാരതീയ ഭാഷകൾ പഠിക്കുക.

**146.** ഇതാ ഒരു ചോദ്യം. വായിച്ച ശേഷം ഈ ചോദ്യം ഏതുവിധവർഗീകരണത്തിലാണ് ഉൾക്കൊള്ളുന്നതെന്ന് കണ്ടെത്തുക.

ആ കൊച്ചുകുട്ടിയുടെ കഥ വായിച്ച് അവളനുഭവിച്ച വേദനയും പ്രതിസന്ധിയെ നേരിട്ട വിധവും മനസ്സിലാക്കി, ആ കുട്ടിയെ അഭിനന്ദിക്കുന്ന ഒരു കത്ത് നിങ്ങളെഴുതണം. നൂറ്റിയിരുപതു വാക്യത്തിൽ കത്തെഴുതണം.

(1) വിഷയബാഹ്യമായ ചോദ്യം
(2) വികാരദ്യോതകമായ ചോദ്യങ്ങൾ
(3) വിവരണാത്മക ഉത്തരത്തിനുള്ള ചോദ്യം
(4) എക്സ്ട്രാപൊളേറ്റീവ് ചോദ്യം

**147.** വിഷയത്തിന്റെ വിരുദ്ധകാഴ്ചപ്പാടിലേക്ക് പഠിതാക്കൾ എത്തിച്ചേരുന്ന സാഹചര്യമാണ്. പിന്നീട് അവർ കാര്യങ്ങൾ കൂടുതൽ ഗ്രഹിക്കുമെന്ന പരിഗണനയോടെ മുന്നോട്ടുനീങ്ങുന്നു. ഈ പ്രക്രിയ വഴി പഠിതാക്കളിൽ വികസിപ്പിക്കാനുദ്ദേശിക്കുന്നതന്ത് ?

(1) സാക്ഷരവികാസം

(2) വിമർശനാത്മകാപഗ്രഥനം

(3) പ്രക്രിയാധിഷ്ഠിതബോധനശാസ്ത്രം

(4) വിമർശനാത്മകസാക്ഷരത

**148.** ട്രാൻസ്ലാംഗ്വേജിംഗ് എന്നാലെന്ത് ?

(1) എത്ര ഭാഷകൾ സ്കൂളിൽ പഠിപ്പിക്കണമെന്നതു സംബന്ധിച്ച വിദ്യാഭ്യാസനയം.

(2) ഭാഷാപഠനബോധനസന്ദർഭത്തിൽ ഒരു ഭാഷയിൽനിന്ന് മറ്റൊരു ഭാഷയിലേക്കു മാറുന്നത്.

(3) കാലകാലങ്ങളിൽ ഭാഷകൾക്കുണ്ടാവുന്ന മാറ്റങ്ങൾ അറിയുന്നത്.

(4) ക്ലാസ്സ് റൂം വിഭവങ്ങളായി ഒന്നിലേറെ ഭാഷകളുപയോഗപ്പെടുത്തുന്ന ബോധനശാസ്ത്രം.

**149.** താഴെ കൊടുത്തിട്ടുള്ള പ്രസ്താവനകളിൽ ഭാഷാപഠനത്തെ സംബന്ധിച്ച് ശരിയായ പ്രസ്താവന ഏത് ?

(1) ഒന്നാംഭാഷയുടെയും രണ്ടാം ഭാഷയുടെയും ബോധനം പൂർണമായും വ്യത്യസ്തമാണ്.

(2) തദ്ദേശീയഭാഷയുടെയും ഒന്നാം ഭാഷയുടെയും അറിവ് രണ്ടാം ഭാഷയുടെ പഠനത്തിൽ തടസ്സം സൃഷ്ടിക്കാറുണ്ട്.

(3) തദ്ദേശീയഭാഷയുടെയും ഒന്നാം ഭാഷയുടെയും അറിവ് രണ്ടാം ഭാഷയുടെ പഠനത്തിൽ ഒരു വിധത്തിലും ബാധിക്കാറില്ല.

(4) തദ്ദേശീയഭാഷയുടെയും ഒന്നാം ഭാഷയുടെയും അറിവ് രണ്ടാം ഭാഷയുടെ പഠനത്തിന് പിന്തുണയേകാറുണ്ട്.

**150.** അക്കാദമിക ഭാഷാപ്രാവീണ്യത്തെയും വ്യത്യസ്ത പ്രതിപാദനമേഖലകളിലെ ഭാഷോപയോഗത്തെയും കുറിക്കുന്നത് ഇവയിലേത് ?

(1) ബൗദ്ധിക അക്കാദമികഭാഷാ പ്രാവീണ്യം (CALP)

(2) ഭാഷാന്തരീയപ്രാവീണ്യം

(3) പ്രാഥമികഭാഷാന്തരവിനിമയശേഷി (BICS)

(4) ആശയവിനിമയഭാഷാപ്രാവീണ്യം

- o O o -

www.prepp.in

SPACE FOR ROUGH WORK

Your Personal Exam Guide

**താഴെത്തന്നിരിക്കുന്ന നിർദ്ദേശങ്ങൾ സശ്രദ്ധം വായിക്കുക :**

1. വിവിധചോദ്യങ്ങൾക്ക് ഉത്തരമെഴുതേണ്ടവിധം പരീക്ഷാപുസ്തികയിൽ നൽകിയിരിക്കുന്നത് ശ്രദ്ധിച്ചു വായിച്ചശേഷം ഉത്തരമെഴുതാൻ തുടങ്ങുക.
2. ഓരോ ചോദ്യത്തിനും നാലുപക്ഷാന്തരങ്ങൾ തന്നിരിക്കുന്നു, അവയിൽ ശരിയുത്തരത്തിനുള്ള വട്ടത്തിൽ OMR ഉത്തരക്കടലാസ്സിൽ നീലപ്പേനകൊണ്ട് പൂർണ്ണമായും നിറച്ച് രേഖപ്പെടുത്തുക. ഒരിക്കൽ രേഖപ്പെടുത്തിയ ഉത്തരം മാറ്റാവുന്നതല്ല.
3. ഉത്തരക്കടലാസ്സ് മടക്കരുത്. അതിൽ അനാവശ്യമായ രേഖപ്പെടുത്തലുകളോ മറ്റോ ഇല്ല എന്ന് പരീക്ഷാർത്ഥികൾ ഉറപ്പുവരുത്തുക. നിർദ്ദേശിച്ച ഇടത്തല്ലാതെ മറ്റൊരിടത്തും സ്വന്തം റോൾ നമ്പർ എഴുതരുത്.
4. പരീക്ഷാപുസ്തിക സൂക്ഷിച്ചു കൈകാര്യം ചെയ്യുക. യാതൊരു കാരണവശാലും (പരീക്ഷാപുസ്തികസങ്കേതമോ ഉത്തരക്കടലാസ്സിലെ സങ്കേതമോ തമ്മിലുള്ള അപാകമൊഴിച്ച്) മറ്റൊരു സെറ്റ് ലഭിക്കുന്നതല്ല.
5. ഹാജർ ഷീറ്റിൽ ശരിയായ പരീക്ഷാപുസ്തികസങ്കേതവും ഉത്തരക്കടലാസ്സ് സങ്കേതവും പരീക്ഷാർത്ഥി എഴുതിയിരിക്കണം.
6. OMR ഉത്തരക്കടലാസ് പരിശോധിക്കുന്നത് ഒരു യന്ത്രമായതിനാൽ സൂചനകൾ അപൂർണ്ണമോ അഡ്മിറ്റ് കാർഡിൽ നിന്നു വ്യത്യസ്തമോ ആവരുത്.
7. അഡ്മിറ്റ് കാർഡ് ഒഴിച്ച് അച്ചടിച്ചതോ എഴുതിയതോ ആയ യാതൊരു പ്രമാണമോ കടലാസ്സുകഷ്ണങ്ങളോ പേജറോ, മൊബൈൽ ഫോണോ, വൈദ്യുതി ഉപകരണങ്ങളോ മറ്റൊരു വസ്തുവും പരീക്ഷാർത്ഥിയുടെ കൈവശം ഉണ്ടാവരുത്.
8. മൊബൈൽ ഫോണോ മറ്റു വയർലസ് സംവിധാനങ്ങളോ (സ്വിച്ച് ഓഫ് മോഡിൽപോലും) നിരോധിക്കപ്പെട്ട വസ്തുക്കളോ പരീക്ഷാ ഹാളിൽ കൊണ്ടുവരരുത്. ഈ നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നത് പരീക്ഷാ ക്രമക്കേടിന്റെ ഭാഗമായി കണക്കാക്കി അവർക്കെതിരെ പരീക്ഷ റദ്ദാക്കുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
9. ആവശ്യപ്പെട്ടാൽ ഇൻവിജിലേറ്ററെ അഡ്മിറ്റ് കാർഡ് കാണിക്കേണ്ടതാണ്.
10. സെന്റർ സൂപ്രണ്ടിന്റെയോ/ഇൻവിജിലേറ്ററുടെയോ പ്രത്യേക അനുമതിയില്ലാതെ പരീക്ഷാർത്ഥി സ്വന്തം ഇരിപ്പിടം വിടരുത്.
11. ഹാജർഷീറ്റ് രണ്ടുതവണ ഒപ്പിടുകയും ഉത്തരക്കടലാസ്സ് തിരിച്ച് ഇൻവിജിലേറ്ററിനെ ഏല്പിക്കുകയും ചെയ്യാതെ പരീക്ഷാർത്ഥി പരീക്ഷാ ഹാൾ വിടരുത്. രണ്ടാംപ്രാവശ്യം ഹാജർ ഷീറ്റ് ഒപ്പിടാത്ത കേസുകൾ ഉത്തരക്കടലാസ്സ് ഏല്പിക്കാത്തതായും ക്രമക്കേടുകാട്ടിയതായും കണക്കാക്കും. **ഹാജർഷീറ്റിൽ പറഞ്ഞിട്ടുള്ളസ്ഥാനത്ത് പരീക്ഷാർത്ഥി തന്റെ ഇടതുകൈയിലെ വിരലടയാളം പതിച്ചിരിക്കേണ്ടതാണ്.**
12. ഇലക്ട്രോണിക്/മാനുഷിക കാൽക്കുലേറ്റർ നിരോധിച്ചിരിക്കുന്നു.
13. ബോർഡിന്റെ എല്ലാനിയമങ്ങളും നിബന്ധനകളും പരീക്ഷാർത്ഥിക്കു ബാധകമാണ്. എല്ലാവിധക്രമക്കേടുകളിലും ബോർഡിന്റെ നിയമവും നിബന്ധനയും അനുസരിച്ച് ഇടപെടുന്നതായിരിക്കും.
14. പരീക്ഷാപുസ്തികയുടെയും ഉത്തരക്കടലാസ്സിന്റെയും യാതൊരു അംശവും വേർപെടുത്തുവാൻപാടില്ല.
15. പരീക്ഷ എഴുതിക്കഴിഞ്ഞാൽ പരീക്ഷാർത്ഥികൾ ഉത്തരക്കടലാസ്സ് ഇൻവിജിലേറ്ററെ ഏല്പിച്ചിരിക്കണം. ഈ പുസ്തിക പരീക്ഷാർത്ഥിക്ക് കൂടെ കൊണ്ടുപോകാവുന്നതാണ്.

# निम्नलिखित निर्देशों को ध्यान से पढ़ें :

1. जिस प्रकार से विभिन्न प्रश्नों के उत्तर दिए जाने हैं उसका वर्णन परीक्षा पुस्तिका में किया गया है, जिसे आप प्रश्नों का उत्तर देने से पहले ध्यान से पढ़ लें।
2. प्रत्येक प्रश्न के लिए दिए गए चार विकल्पों में से सही उत्तर के लिए OMR उत्तर पत्र के **पृष्ठ-2** पर केवल एक वृत्त को ही पूरी तरह **नीले/काले बॉल पॉइन्ट पेन** से भरें। एक बार उत्तर अंकित करने के बाद उसे बदला नहीं जा सकता है।
3. परीक्षार्थी सुनिश्चित करें कि इस उत्तर पत्र को मोड़ा न जाए एवं उस पर कोई अन्य निशान न लगाएँ। परीक्षार्थी अपना अनुक्रमांक उत्तर-पत्र में निर्धारित स्थान के अतिरिक्त अन्यत्र न लिखें।
4. परीक्षा पुस्तिका एवं उत्तर पत्र का ध्यानपूर्वक प्रयोग करें, क्योंकि किसी भी परिस्थिति में (केवल परीक्षा पुस्तिका एवं उत्तर पत्र के कोड या संख्या में भिन्नता की स्थिति को छोड़कर) दूसरी परीक्षा पुस्तिका उपलब्ध नहीं करायी जाएगी।
5. परीक्षा पुस्तिका/उत्तर पत्र में दिए गए परीक्षा पुस्तिका कोड व संख्या को परीक्षार्थी सही तरीके से उपस्थिति-पत्र में लिखें।
6. OMR उत्तर पत्र में कोडित जानकारी को एक मशीन पढ़ेगी। इसलिए कोई भी सूचना अधूरी न छोड़ें और यह प्रवेश-पत्र में दी गई सूचना से भिन्न नहीं होनी चाहिए।
7. परीक्षार्थी द्वारा परीक्षा हॉल/कक्ष में प्रवेश-पत्र के सिवाय किसी प्रकार की पाठ्य-सामग्री, मुद्रित या हस्तलिखित, कागज़ की पर्चियाँ, पेजर, मोबाइल फोन, इलेक्ट्रॉनिक उपकरण या किसी अन्य प्रकार की सामग्री को ले जाने या उपयोग करने की अनुमति नहीं है।
8. मोबाइल फोन, बेतार संचार युक्तियाँ (स्विच ऑफ अवस्था में भी) और अन्य प्रतिबंधित वस्तुएँ परीक्षा हॉल/कक्ष में नहीं लाई जानी चाहिए। इस सूचना का पालन न होने पर इसे परीक्षा में अनुचित साधनों का प्रयोग माना जाएगा और परीक्षार्थी विरुद्ध कार्यवाही की जाएगी, परीक्षा रद्द करने सहित।
9. पूछे जाने पर प्रत्येक परीक्षार्थी, निरीक्षक को अपना प्रवेश-पत्र दिखाएँ।
10. केन्द्र अधीक्षक या निरीक्षक की विशेष अनुमति के बिना कोई परीक्षार्थी अपना स्थान न छोड़ें।
11. कार्यरत निरीक्षक को अपना उत्तर पत्र दिए बिना एवं उपस्थिति-पत्र पर दुबारा हस्ताक्षर किए बिना परीक्षार्थी परीक्षा हॉल/कक्ष नहीं छोड़ेंगे। यदि किसी परीक्षार्थी ने दूसरी बार उपस्थिति-पत्र पर हस्ताक्षर नहीं किए, तो यह माना जाएगा कि उसने उत्तर पत्र नहीं लौटाया है और यह अनुचित साधन का मामला माना जाएगा। **परीक्षार्थी अपने बाएँ हाथ के अंगूठे का निशान उपस्थिति-पत्र में दिए गए स्थान पर अवश्य लगाएँ।**
12. इलेक्ट्रॉनिक/हस्तचालित परिकलक का उपयोग वर्जित है।
13. परीक्षा हॉल/कक्ष में आचरण के लिए परीक्षार्थी परीक्षण संस्था के सभी नियमों एवं विनियमों द्वारा नियमित हैं। अनुचित साधनों के सभी मामलों का फैसला परीक्षण संस्था के नियमों एवं विनियमों के अनुसार होगा।
14. किसी भी परिस्थिति में परीक्षा पुस्तिका और उत्तर पत्र का कोई भाग अलग न करें।
15. **परीक्षा सम्पन्न होने पर, परीक्षार्थी हॉल/कक्ष छोड़ने से पूर्व उत्तर पत्र निरीक्षक को अवश्य सौंप दें। *परीक्षार्थी अपने साथ इस परीक्षा पुस्तिका को ले जा सकते हैं।***

# READ THE FOLLOWING INSTRUCTIONS CAREFULLY :

1. The manner in which the different questions are to be answered has been explained in the Test Booklet which you should read carefully before actually answering the questions.
2. Out of the four alternatives for each question, only one circle for the correct answer is to be darkened completely with **Blue / Black Ball Point Pen** on **Side-2** of the OMR Answer Sheet. The answer once marked is not liable to be changed.
3. The candidates should ensure that the Answer Sheet is not folded. Do not make any stray marks on the Answer Sheet. Do not write your Roll No. anywhere else except in the specified space in the Answer Sheet.
4. Handle the Test Booklet and Answer Sheet with care, as under no circumstances (except for discrepancy in Test Booklet Code or Number and Answer Sheet Code or Number), another set will be provided.
5. The candidates will write the correct Test Booklet Code and Number as given in the Test Booklet/Answer Sheet in the Attendance Sheet.
6. A machine will read the coded information in the OMR Answer Sheet. Hence, no information should be left incomplete and it should not be different from the information given in the Admit Card.
7. Candidates are not allowed to carry any textual material, printed or written, bits of papers, pager, mobile phone, electronic device or any other material except the Admit Card inside the examination hall/room.
8. Mobile phones, wireless communication devices (even in switched off mode) and the other banned items should not be brought in the examination halls/rooms. Failing to comply with this instruction, it will be considered as using unfair means in the examination and action will be taken against the candidate including cancellation of examination.
9. Each candidate must show on demand his/her Admit Card to the Invigilator.
10. No candidate, without special permission of the Centre Superintendent or Invigilator, should leave his/her seat.
11. The candidates should not leave the Examination Hall/Room without handing over their Answer Sheet to the Invigilator on duty and sign the Attendance Sheet twice. Cases where candidate has not signed the Attendance Sheet second time will be deemed not to have handed over the Answer Sheet and dealt with as an unfair means case. **The candidates are also required to put their left hand THUMB impression in the space provided in the Attendance Sheet.**
12. Use of Electronic/Manual Calculator is prohibited.
13. The candidates are governed by all Rules and Regulations of the Examining Body with regard to their conduct in the Examination Hall/Room. All cases of unfair means will be dealt with as per Rules and Regulations of the Examining Body.
14. No part of the Test Booklet and Answer Sheet shall be detached under any circumstances.
15. **On completion of the test, the candidate must hand over the Answer Sheet to the Invigilator in the Hall / Room. *The candidates are allowed to take away this Test Booklet with them.***